MONDAY

12-06-2023

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S.

Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-12/06/2023.

1. നാളികേര വികസന ബോർഡ്, തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം ലഭിച്ചവർക്കായി തെങ്ങ് കയറ്റം, തെങ്ങ് സംരക്ഷണം, വിളവെടുപ്പ് ഉൾപ്പടെ തെങ്ങു കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു കോൾ സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നു. കോൾ സെന്ററിനാവശ്യമായ ഡാറ്റാബേസ് നിർമ്മിക്കുന്നതിന് വേണ്ടി വിവിധ നാളികേര ഉത്പാദക ഫെഡറേഷനുകൾ/കമ്പനികൾ/സൊസൈറ്റികൾ, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, കൃഷിഭവനുകൾ വഴി നാളിതുവരെ ബോർഡ് സംഘടിപ്പിച്ചിട്ടുള്ള തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുത്ത് തെങ്ങ് കയറ്റം തൊഴിലായി സ്വീകരിച്ചിട്ടുള്ളവരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു കൊണ്ടിരിക്കുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ ഇവരുടെ സേവനം പ്രയോജനപ്പെടുത്തും. താൽപര്യമുള്ള തെങ്ങിന്റെ ചങ്ങാതിമാർ വിവരങ്ങൾ നൽകുന്നതിനായി cdbpub@gmail.com എന്ന മെയിൽ ഐഡിയിലോ 0484 2376265, 2376137, 8848061240 എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

2. കൃഷിവകുപ്പിന്റെ ആനയറയിലുള്ള വില്പന കേന്ദ്രം വഴി അത്യുൽപാദന ശേഷിയുള്ള DXT, TXD, WCT, Orange Dwarf, കുറ്റ്യാടി നാടൻ തുടങ്ങിയ ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകളും കൂടാതെ, മാവ്, പ്ലാവ്, റമ്പൂട്ടാൻ, അടയ്ക്ക, കുടംപുളി, അലങ്കാര ചെടികൾ തുടങ്ങിയവ വില്പനയ്ക്കായി തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9746692422 എന്ന നമ്പറിൽ ബന്ധപ്പെടുക

3. ഉള്ളൂർ സീഡ് ഫാമിൽ ശ്രേയസ് നെൽവിത്ത്, പച്ചക്കറി വിത്തജശറ്റ എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2530035 എന്ന നമ്പരിൽ ബന്ധപ്പെടുക.

4. കഴക്കൂട്ടം കോക്കനട്ട് നഴ്സറിയിൽ WCT, TxD ഇനം തെങ്ങിൻതൈകൾ, പച്ചക്കറിത്തൈകൾ, അലങ്കാരസസ്യങ്ങൾ, ദീർഘകാല പച്ചക്കറി വിളകൾ എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2413195 എന്ന നമ്പരിൽ ബന്ധപ്പെടുക.

5. ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാമിൽ പച്ചക്കറിത്തൈകൾ, വിത്തുകൾ, സമ്പുഷ്ടീകരിച്ച ചാണകം, മണ്ണിര കമ്പോസ്റ്റ്, വെർമിവാഷ്, വാം എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0470 2644291 എന്ന നമ്പരിൽ ബന്ധപ്പെടുക.

6. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിടക്കോഴിക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ ,വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471–2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

7. ക്ഷീര വികസന വകുപ്പിന്റെ വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ഈ മാസം 13, 14 തീയതികളിൽ **"തീറ്റപ്പുൽകൃഷി"** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **9400831831** എന്ന നമ്പറിൽ വാട്സ്ആപ്പ് ചെയ്യുകയോ **0471–2501706** എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുകയോ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പങ്കെടുക്കുന്നവർ ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

8. തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 20, 21 തീയതികളിൽ **"മുട്ടക്കോഴി വളർത്തൽ"** എന്ന വിഷയത്തിലും 26, 27 തീയതികളിൽ **"പന്നിവളർത്തൽ"** എന്ന വിഷയത്തിലും പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471– 2732918** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് 2023 ജൂൺ 14 മുതൽ 16 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാം.